LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഉണ്ട്. ഡച്ച് സർക്കാരിന്റെ സഹകരണത്തോടുകൂടി പച്ചക്കറികൾ, പഴവർഗ്ഗങ്ങൾ, പൂക്കൾ എന്നിവയുടെ ഉത്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിന് ഒരു ടെക്നോളജി സെന്റർ സ്ഥാപിക്കുമെന്ന് 2013-14 ബഡ്ജറ്റിൽ പ്രഖ്യാപിച്ചിട്ടുണ്ടായിരുന്നു. എന്നാൽ 2013-14 വർഷത്തിൽ ഈ പദ്ധതിക്ക് കേന്ദ്ര സർക്കാരിന്റെ അനുമതി ലഭിക്കാത്തതിനാൽ പദ്ധതി നടപ്പിലാക്കിയില്ല.

(ബി) ഈ പദ്ധതിക്കായി 50 ലക്ഷം രൂപ ബഡ്ജറ്റിൽ പ്രഖ്യാപിച്ചിരുന്നു.

കീടനാശിനി പ്രയോഗം തടയുന്നതിനുള്ള നടപടി

165 (3370) ശ്രീ. വി. ചെന്താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അന്യ സംസ്ഥാനങ്ങളിൽ നിന്നും വരുന്ന പച്ചക്കറികളിലും പഴവർഗ്ഗങ്ങളിലും മാരകമായ കീടനാശിനി പ്രയോഗിച്ചിട്ടുണ്ടെന്ന കാര്യം കൃഷി വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ആയതു തടയുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് വിശദമാക്കാമോ;.

(സി) വിഷാംശം ഇല്ലാത്ത പച്ചക്കറി ലഭ്യമാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് വിശദമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) കീടനാശിനികളുടെയും മറ്റു രാസവസ്തുക്കളുടെയും അമിതമായ ഉപയോഗം തടയുന്നതിന് സംയോജിത കീടരോഗ പരിപാലനത്തെക്കുറിച്ച് സംസ്ഥാനത്തിനകത്തുള്ള കർഷകർക്ക് ബോധവത്ക്കരണം വിവിധ ട്രെയിനിംഗ് ക്ലാസുകൾ മുഖേന നൽകുന്നുണ്ട്. ജൈവകൃഷിയുടെ പ്രാധാന്യവും ആവശ്യകതയും മനസ്സിലാക്കുന്നതിനും ജൈവകൃഷി വ്യാപിപ്പിക്കുന്നതിനുമുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. അന്യ സംസ്ഥാനങ്ങളിൽനിന്നും വരുന്ന പഴങ്ങളിലും പച്ചക്കറികളിലും തദ്ദേശീയമായി ഉല്പാദിപ്പിക്കുന്ന പഴം പച്ചക്കറികളിലെ രാസകീടനാശിനി അവശിഷ്ടം പരിശോധിക്കുന്നതിന് കേരള കാർഷിക സർവ്വകലാശാലയുടെ വെള്ളായണി കാർഷിക കോളേജിൽ പ്രവർത്തിക്കുന്ന കീടനാശിനി അവശിഷ്ട പരിശോധന ലബോറട്ടറിയിൽ

LIBRARY ARCHIVES Kerala Legislative Assembly

അത്യാധുനിക സംവിധാനമുണ്ട്. തിരുവനന്തപുരം, കോട്ടയം, എറണാകുളം, കാസർഗോഡ് നഗരങ്ങളിലെ പച്ചക്കറി കടകൾ, സൂപ്പർ/ഹൈപ്പർ മാർക്കറ്റുകൾ എന്നിവിടങ്ങളിൽനിന്നും ശേഖരിച്ച പച്ചക്കറി സാമ്പിളുകൾ പരിശോധന നടത്തി ഫലം സർക്കാർ ഔദ്യോഗിക പോർട്ടലിലും പത്രമാധ്യമങ്ങളിലും പ്രസിദ്ധീകരിക്കുന്നു. ഭക്ഷ്യ സുരക്ഷാ വകുപ്പ് കീടനാശിനി അവശിഷ്ടങ്ങളടങ്ങിയ പച്ചക്കറിയുടെ ഇറക്കുമതി തടയുന്നതിന് ഓരോ ചെക്ക്പോസ്റ്റ് കേന്ദ്രീകരിച്ച് പരിശോധന നടത്തുന്നുണ്ട്.

(സി) അന്യസംസ്ഥാനങ്ങളിൽനിന്നും എത്തുന്ന പച്ചക്കറികളിൽ അടങ്ങിയിരിക്കുന്ന കീടനാശിനി വിഷാംശം എത്ര എന്ന് കണ്ടുപിടിക്കാൻ പച്ചക്കറി കടകളിൽനിന്ന് സാമ്പിൾ എടുത്ത പരിശോധന നടത്തുന്ന ഒരു പ്ലാൻ സ്കീം "സേഫ് റ്റു ഈറ്റ് " കാർഷിക സർവ്വകലാശാലയും, കൃഷി വകുപ്പും ചേർന്ന് 2013 ജനുവരിയിൽ ആരംഭിച്ചു. പരിശോധനയ്ക്കുള്ള എല്ലാ അത്യാധുനിക സൗകര്യങ്ങളും, കീടനാശിനിയുടെ അവശിഷ്ടത്തിന്റെ അളവ് അളക്കുന്ന ഗ്യാസ് ക്രൊമാറ്റോഗ്രാഫ്, ലിക്വിഡ് ക്രൊമാറ്റോ ഗ്രാഫ്, മാസ്സ് സ്പെക്ട്രോ മീറ്റർ എന്നീ ഉപകരണങ്ങളുമുള്ള അക്രെഡിറ്റഡ് ലബോറട്ടറിയായ വെള്ളായണി കാർഷിക കോളേജിലെ കീടനാശിനി അവശിഷ്ട വിഷാംശ പരിശോധന ലബോറട്ടറിയിൽ എത്തിച്ചാണ് പച്ചക്കറികൾ പരിശോധിക്കുന്നത്. പച്ചക്കറികൾ പരിശോധിച്ച് വിഷാംശം പരിധിയിൽ കുറവാണെന്ന് കാണുന്നവയെ " സേഫ് റ്റു ഈറ്റ്" എന്ന് ലേബൽ ചെയ്ത് ഹോർട്ടികോർപ്പ് വിപണിയിൽ ലഭ്യമാക്കുന്നുണ്ട്. ജൈവകൃഷിക്ക് പ്രാമുഖ്യം നൽകിക്കൊണ്ട് പച്ചക്കറികൃഷി വ്യാപനത്തിനായി സമഗ്ര പച്ചക്കറി കൃഷി വികസന പദ്ധതി നടപ്പിലാക്കി. പച്ചക്കറി സംഭരണത്തിനും വിപണനത്തിനും വി.എഫ്.പി.സി.കെ., ഹോർട്ടികോർപ്പ്, കൃഷി വകുപ്പിന്റെ ബ്ലോക്കുതല ഫെഡറേറ്റഡ് സമിതികൾ, എ ഗ്രേഡ് ക്ലസ്റ്റർ സംഭരണ കേന്ദ്രങ്ങൾ എന്നിവയെ ശക്തിപ്പെടുത്തി.

കൃഷി വകുപ്പ് നടപ്പിലാക്കുന്ന പദ്ധതി

166 (3371) ശ്രീ. എ. കെ. ശശീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിലെ എലത്തൂർ നിയോജക മണ്ഡലത്തിൽ നബാർഡിന്റെ സഹായത്തോടെ കൃഷി വകുപ്പ് നടപ്പിലാക്കുന്ന പദ്ധതിയുടെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ;

(ബി) പ്രസ്തുത പദ്ധതി ആരംഭിക്കാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ എന്നും, എന്നത്തേക്ക് പൂർത്തീകരിക്കാൻ കഴിയുമെന്നും വെളിപ്പെടുത്തുമോ ?